1B1N240176 (Pages : 2) Reg. No:........................
Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2024**

**MAL1CJ101 – മലയാളകവിതാപരിചയം**

(FYUGP 2024 Admission)

Time: 2 hours Max. Marks : 70

**Course Outcome Mapping Scheme**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| CO1 | CO2 | CO4 | CO5 | CO1 | CO2 | CO4 | CO5 | CO1 | CO2 |
| **11** | **12** | **13** | **14** | **15** | **16** | **17** | **18** | **19** | **20** |
| CO1 | CO3 | CO4 | CO5 | CO4 | CO1 | CO5 | CO2 | CO1 | CO5 |

**PART – A**

**ഒന്നോരണ്ടോവാക്യത്തിൽഉത്തരംഎഴുതുക.**
**എല്ലാചോദ്യങ്ങൾക്കുംഉത്തരംഎഴുതാം. 3 മാർക്കവീതം. പരമാവധിമാർക്ക്24.**

1. 'മാപ്പുസാക്ഷി' എന്ന കവിത മുന്നോട്ടു വെക്കുന്ന രാഷ്ട്രീയമെന്ത്?
2. പണമില്ലാഞ്ഞുതാൻവരാൻ മടിക്കയോവാമസ്സാധുഗണികയായ്ത്തന്നെയെന്നെ ഗ്ഗണിക്കയൊവാം"
   ആശയം വ്യക്തമാക്കുക
3. ആധുനിക കവിത്രയത്തിലെ കവികൾ ആരെല്ലാം?
4. "എനിക്ക് രസമീനിമ്നോന്നതമാം.
   വഴിക്ക് തേരുരുൾപായിക്കൽ ".. കവിയുടെ വിവക്ഷയെന്ത് ?
5. "അപ്പനെന്നൊച്ചയങ്ങുകേൾക്കാമോ?""അപ്പനേ,യെനിക്കസ്സലായ്കേൾക്കാം " – മാനവവംശം കൈവരിച്ച പുരോഗതിയുടെ അടയാളപ്പെടുത്താലായി ഈ ശബ്ദം കേൾക്കലിനെ കവിതയിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നതെങ്ങനെ?
6. ക്രൂരമിടിത്തിയ്യിൽവെന്തുപോയി;
   കേശ-ഭാരകിരീടമണിയേണ്ടമസ്തകം!
   ഈവരികൾക്ക്കവിതയിലുള്ള പ്രസക്തി പരിശോധിക്കുക.
7. കുമാരനാശാൻ രചിച്ച നാല്ഖണ്ഡ കാവ്യങ്ങളുടെ പേരെഴുതുക.
8. വിണ്ടലം നമുക്കിനിവേറെ വേണോ? - സന്ദർഭം വിശദമാക്കുക
9. പെണ്ണപ്പനെപോലെഅല്ലആണപ്പൻമാർ.
   പെണ്ണപ്പനിൽനിന്ന്ആണപ്പൻമാർവ്യത്യസ്തരാവുന്നത്എങ്ങനെയാണ് ?
10. മുണ്ട്എന്നകവിതയിലെചുകപ്പ്സൂചിപ്പിക്കുന്നത്എന്തിനെ?

## PART – B

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 6 മാർക്കവീതം. (പരമാവധിമാർക്ക്36)**

11. മഴ നനഞ്ഞു വരുന്ന ഒരുപാണ്ടൻ നായ്ക്ക് ആപൊളിഞ്ഞകുരയ്ക്ക്കീഴേ അര അഭയം ഇപ്പോഴുമുണ്ട്. ആനായ് അവനാണെങ്കിൽ കൂടിയും - വിശദമാക്കുക
12. പെരുന്തച്ചൻമിത്തിന്റെ വേറിട്ട ആവിഷ്ക്കരമാണ്തച്ചന്റെ മകൾ എന്ന കവിത– വിശകലനം ചെയ്യുക
13. അമ്പാടിയിലേക്ക്വീണ്ടും എന്നകവിതയിലെ ദാരുകന്റെ വിചാരങ്ങൾ കവിയുടെ വെളിപാടുകൾ തന്നെയാണ് .സമർത്ഥിക്കുക
14. വാസവദത്തയുടെ സൗന്ദര്യവർണനയെ മുൻനിർത്തി കരുണ എന്ന കവിതയുടെ കാല്പനികസ്വഭാവത്തെകുറിച്ച്കുറിപ്പ്തയ്യാറാക്കുക.
15. ഒക്കില്ലൊരിക്കലുംമേലിലെനിക്കിനി, ഇക്കളിയോഗത്തിലൊത്തുകളിക്കുവാൻ - എന്ന ഏറ്റുപറച്ചിൽ സ്വത്വനഷ്ടത്തിന്റെ വഴികളിലലഞ്ഞ കവിയുടെ ജീവിതത്തെ എത്ര കണ്ട് അടയാളപ്പെടുത്തുന്നുണ്ടെന്ന്പരിശോധിക്കുക.
16. കാല്പനികതയുടെ അതിവൈകാരികതയിൽ അഭിരമിക്കുന്ന കാവ്യഭാഷയാണ്ചങ്ങമ്പുഴയുടേത്. ആത്മരഹസ്യം എന്ന കവിതയെ മുൻനിർത്തി വിശകലനം ചെയ്യുക
17. പാട്ട, ചെരിപ്പ് , കുപ്പി, കടലാസ്ഇതൊക്കെപെറുക്കിവിൽക്കുകയാണ്പണി ആളുകൾഎന്നെപെറുക്കിഎന്നുവിളിക്കുന്നു. - ചർച്ചചെയ്യുക
18. ധ്വസ്തഭുവനാമാംദൗഷ്ട്യമേ, നിൻതല-
    യെത്രപരത്തിയുയർത്തിയാലും,
    ഇക്കർമ്മഭൂമിതൻപിഞ്ചുകാൽപോരുമേ, ചിക്കെന്നതൊക്കെച്ചവുട്ടിത്താഴ്ത്താൻ!"
    സന്ദർഭവുംആശയവുംവ്യക്തമാക്കുക?

## PART - C

**ഒരുചോദ്യത്തിന്രണ്ട്പുറത്തിൽകവിയാതെഉത്തരമെഴുതുക. 10 മാർക്ക്.**

19. പ്രണയത്തിന്റെ സ്ത്രീ പുരുഷ അനുഭവങ്ങളുടെ ബഹുവിധആവിഷ്ക്കാരങ്ങൾ മലയാളകവിതയിലുണ്ട്. 'അക്കമൊഴിയുന്നു', 'കൃഷ്ണനീയെന്നെ അറിയില്ല' എന്നീ കവിതകളെ ആസ്പദമാക്കി ചർച്ചചെയ്യുക.
20. മർത്ത്യജീവിതമഹാഗാഥകളാണ് വൈലോപ്പിള്ളിക്കവിതകൾ. 'മലതുരക്കൽ' എന്ന കവിതയെ ആസ്പദമാക്കി വിശകലനം ചെയ്യുക.

1B1N240133 (Pages : 2) Reg. No:.........................
Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2024**

**MAL1FA102(1) – മലയാള സാഹിത്യാനുശീലനം**

(FYUGP 2024 Admission)

Time: 1.5 hours Max. Marks : 50

**Course Outcome Mapping Scheme**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| CO1 | CO2 | CO4 | CO4 | CO1 | CO1 | CO1 | CO1 | CO1 | CO4 |
| **11** | **12** | **13** | **14** | **15** | **16** | **17** | | | |
| CO3 | CO2 | CO3 | CO1 | CO3 | CO1 | CO3 | | | |

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം (രണ്ട് മാർക്ക് വീതം. പരമാവധി മാർക്ക് : 16)**

1. ദൈവത്തിന്റെ കണ്ണ് എന്ന നോവലിലെ പ്രധാന കഥാപാത്രങ്ങളുടെ പേരെഴുതുക?
2. 'പൂവമ്പഴം' എന്ന പേരിൽ കഥകളെഴുതിയ രണ്ട് കഥാകൃത്തുക്കൾ ആരെല്ലാം?
3. 'എന്റെ ഗുരുനാഥനെ ഓർക്കുമ്പോൾ' എന്ന പാഠഭാഗത്തു ഹൈദരലി ഓർക്കുന്ന ഗുരുനാഥൻമാർ ആരെല്ലാം ?
4. ചന്ദനമരങ്ങൾ എഴുതാൻ മാധവിക്കുട്ടിയെ പ്രേരിപ്പിച്ചത് എന്തായിരുന്നു?
5. തനിയെ മിഴികൾ തുളുമ്പിയോ എന്ന ഗാനത്തിന്റെ രചയിതാവാര് ?ഏതു സിനിമയിൽ ?
6. സൂര്യകിരീടം എന്ന ഗാനത്തിന്റെ കാവ്യ ഭംഗി വിശദമാക്കുക
7. 'ഇവനെക്കൂടി' എന്ന കവിതയിൽ പരാമർശിക്കപ്പെടുന്ന നാലു കവിതകളുടെ പേരെഴുതുക.
8. ചിന്താവിഷ്ടയായ സീത എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.
9. ആത്തേരമ്മയ്ക്കു പൂവമ്പഴം എന്ന പേര് വന്നതെങ്ങനെ ?
10. ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള വ്യത്യാസമെന്ത് ?

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതാം. 6 മാർക്ക് വീതം. (പരമാവധി മാർക്ക് 24)**

11. ഹൈദരാലിയുടെ സ്മരണയിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കലാമണ്ഡലം നീലകണ്ഠൻ നമ്പീശനാശാനെ പരിചയപ്പെടുത്തുന്ന ഒരു കുറിപ്പ് തയ്യാറാക്കുക.

12. കുറിയേടത്തു താത്രിയുടെ സ്മാർത്ത വിചാരത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക ?

13. സമുദ്രലംഘനം എന്ന പാഠഭാഗത്തെ മുൻനിർത്തി എഴുത്തച്ഛന്റെ രചനാ ശൈലിയെപ്പറ്റി വിശദീകരിക്കുക

14. ആളുകൾ വംശഹത്യ സ്മാരകങ്ങൾ സന്ദർശിക്കണം എന്ന് സജി മാർക്കോസ് പറയുന്നതിന്റെ അടിസ്ഥാനം എന്ത് ?

15. "പറഞ്ഞതിലല്ല പറയാതെ വിട്ടതിലാണ് കാരൂർ കഥയുടെ ശക്തി'. പൂവമ്പഴം എന്ന കഥയുടെ ധ്വനനശേഷിയെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.

**ഒരു ചോദ്യത്തിന് രണ്ട് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (10 മാർക്ക്)**

16. നൻപകൽ നേരത്ത് മയക്കം എന്ന സിനിമയുടെ ദൃശ്യമികവിനെ വിലയിരുത്തുന്ന പഠനം തയ്യാറാക്കുക.

17. യാത്രാവിവരണ സാഹിത്യത്തിൻറെ പ്രത്യേകതകൾ കിഴവനും ക്രാക്കാത്തൂവ്വായും എന്ന പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക

62

1B1N240179 (Pages : 2) Reg. No:.........................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2024**

**MAL1FM105 – സർഗ്ഗാത്മകതയുംസാഹിത്യവും**

(FYUGP 2024 Admission)

Time: 1.5 hours Max. Marks : 50

**Course Outcome Mapping Scheme**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| CO1 | CO2 | CO4 | CO4 | CO1 | CO1 | CO1 | CO1 | CO1 | CO4 |
| 11 | 12 | 13 | 14 | 15 | 16 | 17 | | | |
| CO3 | CO2 | CO3 | CO1 | CO3 | CO1 | CO3 | | | |

**PART – A**

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 2 മാർക്കുവീതം (പരമാവധിമാർക്ക് 16)**

1 എഴുതിക്കഴിഞ്ഞപ്പോൾ എം. ടിയെ കരയിപ്പിച്ച കഥയേത്? കഥയ്ക്ക് ആദ്യം നൽകിയ പേരെന്ത്?

2 സാഹിത്യം എന്നാൽ എന്ത്?

3 'നമ്മൾജീവിക്കാത്ത ജീവിതങ്ങൾ മാത്രമല്ല, നമ്മൾ ജീവിക്കുന്ന ജീവിതംതന്നെ നമുക്ക്കെട്ടു കഥയായിതോന്നുന്ന അവസരങ്ങൾ ഉണ്ട്ജീവിതത്തിൽ' മുഹമ്മദ് അബ്ബാസിന്കെട്ടുകഥയായി തോന്നുന്നതെന്താണ്?

4 എഴുത്തുകാരെ വെറുതെ വിടണം എന്ന തന്റെ വാദത്തെ സാധൂകരിക്കാൻ ശ്രീജിത്പെരുന്തച്ചൻ നൽകുന്ന ഉദാഹരണങ്ങളിൽ ഏതെങ്കിലുമൊന്ന് ചുരുക്കിയെഴുതുക.

5 'മൈമൂന' യിലുടെയുള്ള, സ്ത്രീത്വത്തിനു പിറകെയുള്ള ജാഗരൂകമായഅന്വേഷണത്തിൽ മുങ്ങാകോഴിയേയും ഖാളിയാരെയും താൻപങ്കാളികളാക്കിയത് എന്തിനാണെന്നാണ് ഒ. വിവിജയൻ പറയുന്നത്?

6 പെണ്ണുംപുലിയും എന്ന കവിതയിലെ ഏതെങ്കിലും ഒരു രംഗം ചിത്രീകരിക്കുന്നതിനായി മെറ്റാഎഐക്കുനൽകാനുള്ള പ്രോംറ്റ്തയ്യാറാക്കുക.

7 'മാമ്പഴം' എന്ന കവിതയിൽ 'പൂങ്കുലതല്ലുന്നതല്ലുകൊള്ളാ ഞ്ഞിട്ടല്ലേ' എന്ന വരിയിൽ ഓടിച്ചു എന്നതിന്പകരം തല്ലി എന്നുപയോഗിക്കാനുള്ള കാരണം കവി വിശദീകരിക്കുന്നതെങ്ങനെ?

8 താൻ കവിതയുടെ വീട്ടിൽനിന്ന്കഥയുടെ വീട്ടിലേക്ക്കുടികയറാനിടയായ സന്ദർഭം എന്തായിരുന്നെന്നാണ്ലളിതാംബിക അന്തർജ്ജനം പറയുന്നത്?

9 'ഒരുകൃതി എഴുതിത്തീർന്നയുടനെ അതു എത്രമാത്രം ഫലിച്ചു എന്നറിയേണ്ടതിലേക്കു രചയിതാവു തന്നെവായിച്ചു നോക്കുന്നത് മിക്കവാറുംനിഷ്ഫലമാണ്.' ഇടശ്ശേരി ഇങ്ങനെ പറയാൻ കാരണമെന്ത്?

10 അന്ന്നേരം പുലരും മുമ്പേ'നെയ്ത്തുകാരൻ'എഴുതാൻ തീരുമാനിച്ചിരുന്നു. ആര്? എന്ന്?

## PART – B

### ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 6 മാർക്കവീതം (പരമാവധിമാർക്ക്24)

11 "ലോകാവസാനം വരേക്കും പിറക്കാതെ പോക മകനേ, പറയപ്പെടാത്തൊരു വാക്കിനെപ്പോലർത്ഥപൂർണനായ്", കവിതയിൽ തെളിയുന്ന വേദന കവിയുടെജീവിതാനുഭവങ്ങളിൽ നിന്ന്പിറവി കൊണ്ടതാണ്. വിശദമാക്കുക.

12 പാരീസ് നഗരം എഴുത്തുകാരോട്പെരുമാറുന്നതെങ്ങനെയാണെന്നാണ്ശ്രീജിത്പെരുന്തച്ചൻ പറയുന്നത്?

13 കോളേജ്റേഡിയോയിലേക്കായി 'ഇടശ്ശേരിയും പുതപ്പാട്ടും'എന്ന പേരിൽ ഒരു അവതരണ പാഠം തയ്യാറാക്കുക.

14 മൈമുന എന്ന കഥാപാത്രസൃഷ്ടിക്കു പിറകിലെ സർഗാത്മക തലങ്ങൾ വിശകലനംചെയ്യുക.

15 ചരിത്രത്തിൽ ഇടം കിട്ടാതെ പോയ ആയിരക്കണക്കിന്അപ്പമേസ്ത്രിമാരിലൊരാൾക്കുമലയാള സിനിമയുടെ വർണ്ണാഭമായലോകത്ത്മുരളി എന്ന മഹാനടനിലൂടെ വേറിട്ട ഒരിടം അന്വേഷിക്കുകമാത്രമാണ് ' നെയ്ത്തുകാരൻ' ചെയ്യുന്നത്. ഈ പ്രസ്താവനയുടെ പൊരുൾ അന്വേഷിക്കുക.

## PART - C

### ഒരു ചോദ്യത്തിന രണ്ടുപുറത്തിൽകവിയാതെഉത്തരമെഴുതുക. (10മാർക്ക്)

16 തന്റെയുള്ളിൽ ഒരു കഥ ജനിക്കുന്നതെങ്ങനെയെന്ന്, 'നിന്റെ ഓർമയ്ക്ക്' എന്ന കഥയുടെ രചനാനുഭവുമായിബന്ധപ്പെടുത്തി എം. ടി വാസുദേവൻ നായർ അവതരിപ്പിക്കുന്നതെങ്ങനെ? വിശദമാക്കുക.

17 എഴുത്തുകാരന്റെ സർഗാത്മക സ്വാതന്ത്ര്യത്തിനു ഉത്തമ ഉദാഹരണമാണ് 'പെണ്ണും പുലിയും' എന്ന കവിത. വിശകലനംചെയ്യുക.

1 x 10 = 10 Marks

61

1B1N240178 (Pages : 2) Reg. No:.........................
Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2024**

**MAL1MN102 – മലയാളകഥാസാഹിത്യം**

(FYUGP 2024 Admission onwards)

Time: 2 hours Max. Marks : 70

**Course Outcome Mapping Scheme**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| CO1 | CO2 | CO4 | CO5 | CO1 | CO2 | CO4 | CO5 | CO1 | CO2 |
| **11** | **12** | **13** | **14** | **15** | **16** | **17** | **18** | **19** | **20** |
| CO1 | CO3 | CO4 | CO5 | CO4 | CO1 | CO5 | CO2 | CO1 | CO5 |

## PART – A

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരംഎഴുതാം. 3 മാർക്ക് വീതം. (പരമാവധിമാർക്ക്24 )**

1. "എല്ലാം അമ്മ നിശ്ചയിച്ചതാണ്. നേരത്തെ നിശ്ചയിച്ചതാണ്." സന്ദർഭം വ്യക്തമാക്കുക.
2. മൂന്നു ആദ്യ കാല നോവലിസ്റ്റുകളുടെ പേരെഴുതുക
3. 'അപ്പുക്കിളി'യെ പരിചയപ്പെടുത്തുക
4. നിങ്ങളുടെ ഇഷ്ട നോവലുകളിലൊന്ന്പരിചയപ്പെടുത്തുക
5. പഞ്ചുമേനോന്മാധവനോട്ദേഷ്യം തോന്നാനിടയായ സന്ദർഭം?
6. ഉറൂബിന്റെ കഥാപാത്രങ്ങളുടെ പൊതുസവിശേഷതകൾ എന്തെല്ലാം ?
7. പ്രമേയം, ആവിഷ്ക്കരണരീതി എന്നിവയെ അടിസ്ഥാനപ്പെടുത്തി നോവലുകളെ എങ്ങനെയെല്ലാം തരം തിരിക്കാം?
8. സിവിരാമൻ പിള്ളയെ പരിചയപ്പെടുത്തുക.
9. തകഴിയുടെ മൂന്നുനോവലുകളുടെ പേരെഴുതുക
10. മൂന്നു ആധുനികാനന്തര കഥാകൃത്തുക്കളുടെ പേരെഴുതുക

## PART – B

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 6 മാർക്കവീതം (പരമാവധിമാർക്ക്36)**

11. നോവലും ചെറുകഥയും തമ്മിലുള്ള വ്യത്യാസം ചർച്ച ചെയ്യുക
12. കുട്ടനാടിന്റെ സവിശേഷഭാഷ സാഹിത്യത്തിൽകൊണ്ടുവരികയാണ്തകഴി ചെയ്തത്. ചർച്ച ചെയ്യുക.
13. ഖസാക്കിന്റെ ഇതിഹാസം എന്നനോവലിന് ആസ്വാദനം തയ്യാറാക്കുക.
14. ഹിഗ്വിറ്റയിലേക്കുള്ള ഗീവർഗീസ് അച്ഛന്റെ പരിണാമം വിശദീകരിക്കുക.
15. ഇന്ദുലേഖ എന്ന നോവൽ പരിചയപ്പെടുത്തുക.
16. 'വാടകവീടുകൾ' എന്ന ശീർഷകം കഥയ്ക്ക് എത്രമാത്രം അനുയോജ്യമാണെന്ന്പരിശോധിക്കുക.
17. കാത്തിരിപ്പിന്റെ യും സ്നേഹത്തിന്റെ യും പ്രതീകങ്ങളാണ് ഓരോഅമ്മമാരും. വൈക്കം മുഹമ്മദ്ബഷീറിന്റെ അമ്മ എന്ന കഥയെ മുൻനിർത്തി പരിശോധിക്കുക
18. വാനപ്രസ്ഥം എന്നകഥയെ മുൻനിർത്തി എംടികഥകളുടെ സവിശേഷതകൾ പരിശോധിക്കിക്കുക

## PART - C

**ഒരുചോദ്യത്തിന്മൂന്നുപുറത്തിൽകവിയാതെഉത്തരമെഴുതുക. (10 മാർക്ക്)**

19. മലയാളത്തിലെ നവോത്ഥാനകാല നോവലുകളുടെ സവിശേഷതകൾ ഉദാഹരണ സഹിതം ചർച്ചചെയ്യുക
20. മലയാളഭാഷയിൽ പുതുവഴിവെട്ടിയ എഴുത്തുകാരനാണൈവക്കം മുഹമ്മദ്ബഷീർ - വിലയിരുത്തുക.

60

1B1N240177 (Pages : 3) Reg. No:.......................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2024**

**MAL1MN103 – ജെൻഡർപഠനങ്ങൾ**

(FYUGP 2024 Admission onwards)

Time: 2 hours Max. Marks : 70

**Course Outcome Mapping Scheme**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| CO1 | CO2 | CO4 | CO5 | CO1 | CO2 | CO4 | CO5 | CO1 | CO2 |
| **11** | **12** | **13** | **14** | **15** | **16** | **17** | **18** | **19** | **20** |
| CO1 | CO3 | CO4 | CO5 | CO4 | CO1 | CO5 | CO2 | CO1 | CO5 |

**PART – A**

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരംഎഴുതാം. 3 മാർക്ക് വീതം. (പരമാവധിമാർക്ക്24 )**

1. കേരളീയ ആണത്തത്തെ നിർണയിക്കുന്ന ചരിത്രപരമായ ഘടകങ്ങൾ എന്തെല്ലാം?
2. ലിംഗപദവി, ലിംഗവ്യത്യാസം എന്നീ പദങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
3. ലിംഗപദവിവൽക്കരണം എന്നാൽഎന്ത്?
4. ആണത്തവും ഹിംസയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നബോർദ്യുവിന്റെ വാദത്തിന് കേരളസാമൂഹ്യജീവിതത്തിൽ നിന്നും ഒരുദാഹരണം കണ്ടെത്തിയെഴുതുക
5. പിറവി എന്ന കവിതയെ പരിചയപ്പെടുത്തുക.
6. 'പരസ്യങ്ങളിലെ ഉത്തമമാതൃകാപുരുഷൻ വളരെനൂറ്റാണ്ടുകൾക്കുമുമ്പുണ്ടായിരുന്ന നായകസങ്കൽപ്പത്തിന്റെ പരിഷ്കൃത രൂപങ്ങൾ തന്നെയാണ്'. മുണ്ടിന്റെ പരസ്യത്തിൽ പ്രത്യക്ഷപ്പെടുന്ന വെളുത്ത, സവർണ പുരുഷശരീരവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

7. പാശ്ചാത്യശാസ്ത്രംവെറും പൈങ്കിളിക്കഥയായി തരംതാഴ്ത്തുന്ന അണ്ഡബീജസങ്കലനപ്രക്രിയയെലളിതാംബിക അന്തർജ്ജനം ചിത്രീകരിക്കുന്നതെങ്ങനെയാണ്?

8. "എന്തിനാനീ ഈ പകൽസമയത്തു വന്നത്?" മല്ലിയുടെ അമ്മ ഇങ്ങനെ ചോദിക്കുന്നതെന്തുകൊണ്ടായിരിക്കും?

9. "ചത്തവിശ്വാസങ്ങൾ തന്നിരുളിൽതാനേമിഴിപൊത്തിനാം പിന്നെപ്പിന്നെ നടക്കാൻ പഠിക്കുമ്പോൾ..." വരികൾ അർഥമാക്കുന്നതെന്ത്?

10. അമ്മിണിപ്പിള്ള എന്നകഥാപാത്രത്തിന്റെ സ്വഭാവനിരൂപണം നടത്തുക.

## PART – B

**ഒരുപുറത്തിൽകവിയാതെഉത്തരമെഴുതുക.**
**എല്ലാചോദ്യങ്ങൾക്കുംഉത്തരമെഴുതാം. 6 മാർക്കവീതം**
**(പരമാവധിമാർക്ക്36)**

11. ലിംഗവ്യത്യാസത്തിലൂടെലഭിക്കുന്ന 'സ്ത്രീത്വം' അവൾക്ക്ഒരു നേട്ടവും ശക്തിയുമാണെങ്കിൽ സാമൂഹികമായി നിർണയിക്കപ്പെടുന്നസ്ത്രൈണലൈംഗികപദവി അവൾക്കൊരു ബാധ്യതയും ബലഹീനതയുമായിത്തീരുന്നു. ഉദാഹരണ സഹിതം വ്യക്തമാക്കുക

12. സവർണമെന്ന്കരുതപ്പെടുന്നവരുടെ കുടുംബങ്ങളെയപേക്ഷിച്ച്സ്ത്രീ പുരുഷബന്ധങ്ങൾദളിത്ബഹുജൻകുടുംബത്തിൽ കുറേക്കൂടിസുതാര്യമാണെന്ന കാഞ്ചലയ്യയുടെ നിരീക്ഷണത്തെ വിശകലനംചെയ്യുക.

13. എന്താണ്ശരീരങ്ങൾക്കുനേരെയുള്ള' മാനകനോട്ടം'എന്നതുകൊണ്ട്ഡോ. ജിഉഷാകുമാരിഅർത്ഥമാക്കുന്നത്?പരിശോധിക്കുക

14. 'കന്യകക്ക്പുല്ലിംഗം കണ്ടുപിടിക്കുക എന്നത് ഒരു ഗൃഹപാഠപ്രശ്നമല്ല. സാമൂഹ്യപ്രശ്നം തന്നെയാണ്. ലിംഗരാഷ്ട്രീയത്തിന്റെ ഭരണഘടനയെഅത്സ്വപ്നംകാണുന്നു'. 'കന്യകയുടെ പുല്ലിംഗം'എന്ന കഥയെമുൻനിർത്തിയുള്ളഡോ. സി. ഗണേഷിന്റെ ഈ അഭിപ്രായത്തെ വിപുലീകരിക്കുക

15. ഭിന്നലൈംഗികാധീശത്ത സമൂഹത്തിൽ വിമത ലൈംഗികജീവിതങ്ങൾ അനുഭവിക്കുന്ന പ്രതിസന്ധികളെ'ഛേദാംശ ജീവിതം' എന്ന കഥ പ്രശ്നവൽക്കരിക്കുന്നതെങ്ങനെയെന്നവിലയിരുത്തുക.

16. ക്വിയർ മനുഷ്യരുടെ രചനാ സമാഹാരത്തെ' അക്ഷരങ്ങളുടെ സ്റ്റോൺവാൾകലാപം എന്നവിളിക്കുന്നത്എത്ര മാത്രംഅനുയോജ്യമാണ്? ക്വിയർരചനകൾ വിശകലനം ചെയ്തുവിലയിരുത്തുക.

17. "അപ്പൊ എനിക്കുംഷർട്ടിട്ട്പുറത്തുപോകാമല്ലോ നിങ്ങൾക്കൊക്കെസഹിക്കാൻവയ്യാതാകുമ്പോൾഷർട്ടിട്ട്പുറത്തു പോകാം. ബാലന് (ബാലചന്ദ്രൻചുള്ളിക്കാട് ) വീടുപേക്ഷിച്ച്പോകാൻ ഒരു ലോകം ഉണ്ടായിരുന്നു. ഞാൻ എവിടേക്ക്പോകും? അഷിതയുടെ ഈചോദ്യത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്താണ്? കേരളീയസ്ത്രീജീവിതത്തെ മുൻനിർത്തി വിശദീകരിക്കുക.

18. സമൂഹത്തിൽ നിലനിൽക്കുന്ന ഭിന്നലൈംഗികാധീശത്തിന്റെ സങ്കീർണ്ണതകളെ' കാതൽthe core' എന്ന സിനിമ ചർച്ചചെയ്യുന്നതെങ്ങനെ? വിലയിരുത്തുക.

## PART - C

## ഒരുചോദ്യത്തിനുമൂന്നുപുറത്തിൽകവിയാതെഉത്തരമെഴുതുക. (10മാർക്ക്)

19. ദേവാസുരം, ധ്രുവം, ആവേശം എന്നീ സിനിമകളെ വിമർശനാത്മകമായി വിലയിരുത്തി, കേരള സമൂഹത്തിൽ പ്രബലമായ ആണത്താധികാരങ്ങളെ ശക്തിപ്പെടുത്തുന്നതിൽ സിനിമവഹിക്കുന്ന പങ്കിനെക്കുറിച്ച്ലേഖനം തയ്യാറാക്കുക

20. വിമതസമുദായങ്ങൾ നേരിടുന്ന സവിശേഷപ്രശ്നങ്ങൾ അരവിന്ദ്നരെയ്ൻ വിശദീകരിക്കുന്നതെങ്ങനെ? സ്വാഭിപ്രായംചേർത്ത്വിപുലീകരിക്കുക.

57

1B1N240134 (Pages : 2) Reg. No:.........................
Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester B.Sc Degree Examination, November 2024**

**MALFA102(2) – മലയാളസാഹിത്യാസ്വാദനം**

(FYUGP 2024 Admission )

Time: 1.5 hours Max. Marks : 50

**Course Outcome Mapping Scheme**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| CO1 | CO2 | CO4 | CO4 | CO1 | CO1 | CO1 | CO1 | CO1 | CO4 |
| **11** | **12** | **13** | **14** | **15** | **16** | **17** | | | |
| CO3 | CO2 | CO3 | CO1 | CO3 | CO1 | CO3 | | | |

**ഒന്നോരണ്ടോവാക്യത്തിൽഉത്തരംഎഴുതുക.**
**എല്ലാചോദ്യങ്ങൾക്കുംഉത്തരംഎഴുതാം. 2 മാർക്കുവീതം.**
**(പരമാവധിമാർക്ക്16)**

1. വിഷമജ്വരമെന്റെ ജീവിതം പ്രശമിക്കാമൊരു തൂക്കുനാടയിൽ എന്ന സന്ദേഹത്തിന്റെ അടിസ്ഥാനമെന്ത്?
2. 'സുക്കറച്ചൻ കണ്ട്പിടിച്ച കപ്പൽപ്പാര്',
അതിൽ ഇരയില്ലാതെ മീൻപിടിച്ചു തെക്കൻമാര് ഇതിൽ വിശദമാക്കുന്ന കഥയെന്ത് ?
3. 'അതു ശൈശവശേഷമിന്നെനി- ക്കുദയം ചെയ്തതിനെന്തുബന്ധമോ!'- എന്തിനെകുറിച്ചാണിവിടെ പരാമർശിക്കുന്നത് ?
4. അതുകേട്ടു ഹനുമാനുമുരചെയ്തുകനിവോടെ–ഉരചെയ്തതെന്ത്?
5. 'അതിരില്ലാത്തൊരു സർപ്പക്കാടായ്ത്തോന്നിയെനിയ്ക്കെൻ നാടുംവീടും'!സന്ദർഭംവ്യക്തമാക്കുക
6. ജീവചരിത്രവും ആത്മകഥയും തമ്മിലുള്ള വ്യത്യാസമെന്ത്.
7. റുബ്ഉൽഖാലി യാത്രയിലെ ലക്ഷ്യം നക്ഷത്രഖബർകാണുക എന്നതാണ്. നക്ഷത്രഖബർ എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്
8. അത്ഭുതങ്ങൾ വിരിയിക്കാൻ ചെടികൾ മാന്ത്രികരല്ല എന്ന്പറയാൻ കാരണമെന്താണ് ?
9. ഓപ്പൺഹെയ്മറുടെ നേതൃത്വത്തിൽ രണ്ടാം ലോക മഹായുദ്ധസമയത്ത്നിർമ്മിച്ച ബോംബുകൾ ഏതെല്ലാം ?

10. വധിപ്പാനുംചിതം പോരാവധിച്ചാലും ചിതം പോരാ–സാരാംശം വ്യക്തമാക്കുക

**PART – B**

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 6 മാർക്ക് വീതം. (പരമാവധിമാർക്ക്24)**

11. നിർലജ്ജമായ സാംസ്കാരിക ആവരണമണിഞ്ഞ ഉദ്യോഗ സ്ഥവൃന്ദത്തെ കരിമ്പുലി എന്ന കഥ തുറന്നു കാട്ടുന്നതെങ്ങനെ?
12. കീഴാളസമൂഹത്തിന്റെ ദൈന്യതകളും ജൈവപ്രകൃതിയോടുള്ള ആത്മബന്ധവും'മാണിക്കനിൽ'എങ്ങനെ ആവിഷ്കരിക്കുന്നു.
13. 'ഒരുറുമ്പിനെ ഞാൻ ഞെരിക്കുകിൽ കൃപയാർന്നമ്മതടഞ്ഞുചൊല്ലിടും' - എന്നമാനസാന്തരത്തിലെവരികൾ "ഒരുപീഡയെറുമ്പിനും വരു-ത്തരുതെന്നുള്ളനുകമ്പയുംസദാ"- എന്നനാരയണഗുരുവിന്റെ ദർശനത്തോട്ചേർന്നുനിൽക്കുന്നതെങ്ങനെ?
14. റുബ്ഉൽഖാലിയിലേക്കുള്ളയാത്രക്കിടയിൽഎഴുത്തുകാരൻകണ്ടമരുഭൂ കാഴ്ചകൾചുരുക്കിവിവരിക്കുക
15. വിശ്വാസത്തിന്റെയുംവിപ്ലവത്തിന്റെയുംഇടയിൽജീവിക്കുന്നമലയാളി യുടെനേർക്ക്പിടിച്ചക്യാമറയാണ്തട്ടുമ്പുറത്തപ്പൻ - ചർച്ചചെയ്യുക

**PART – C**

**ഒരുചോദ്യത്തിന് രണ്ട്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 10 മാർക്ക്.**

16. ഗാനരചനയുടെ സാമ്പ്രദായിക രീതികളെ പുതിയകാല ചലച്ചിത്രഗാനങ്ങൾ തിരുത്തിയെഴുതുന്നത് എങ്ങനെ?
17. 'മിണ്ടാപ്പെണ്ണി'ലെ കുഞ്ഞുലക്ഷ്മി എന്ന കഥാപാത്രത്തെ മുൻനിർത്തിക്കൊണ്ട്മലയാള നോവലുകളിലെ സ്ത്രീകഥാപാത്ര ചിത്രീകരണം ചർച്ച ചെയ്യുക.

1B1N240135 (Pages : 2) Reg. No:.......................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BCOM Degree Examination, November 2024**

**MALFA102(3) – മലയാള സാഹിത്യ വിചാരം**

(FYUGP Admission onwards)

Time: 1.5 hours Max. Marks : 50

**Course Outcome Mapping Scheme**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **1** | **2** | **3** | **4** | **5** | **6** | **7** | **8** | **9** | **10** |
| CO1 | CO2 | CO4 | CO4 | CO1 | CO1 | CO1 | CO1 | CO1 | CO4 |
| **11** | **12** | **13** | **14** | **15** | **16** | **17** | | | |
| CO3 | CO2 | CO3 | CO1 | CO3 | CO1 | CO3 | | | |

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരംഎഴുതാം. 2മാർക്കവീതം. (പരമാവധിമാർക്ക്16)**

1. ഒന്നാം റാങ്ക്കിട്ടിയിട്ടും കുഞ്ഞാമന് അഭിമാനം തോന്നാതിരുന്നത് എന്തുകൊണ്ട്?
2. ഇടപ്പള്ളി സ്കൂളിന്റെ സവിശേഷതകളായി ഒ. എൻ. വി ചൂണ്ടിക്കാട്ടുന്നത് എന്തെല്ലാമാണ്?
3. ഒളിപ്പോരാളികളെ കണ്ടുപിടിക്കുന്ന അമേരിക്കൻസെൻസറുകളെ വിയറ്റ്നാം എങ്ങനെയാണ്പരാജയപ്പെടുത്തിയത്?
4. "ഞാൻമുടിഞ്ഞോട്ടെ; എന്നാലും ചെയ്യരുതാത്തത്ചെയ്യില്ല"-എന്തു കൊണ്ടാണ്കേശവൻനായർ ഇങ്ങനെയൊരു നിലപാടെടുത്തത്?
5. "അപ്പോഴത്തെ ആസുരമായ അവസ്ഥയിലും സത്യൻ സ്തംഭിച്ചു" എന്തായിരുന്നു കാരണം?
6. ഓർമ്മിച്ചിതൊന്നേചൊല്ലിടാവു" സന്ദർഭം വ്യക്തമാക്കുക.
7. "നാരുനാരായെൻ കരൾ നരക്കാതെന്തേ" – ആരുടെ വാക്കുകൾ? ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

8. "വാമുറുക്കേണമെൻ പൈതലേ നീയിപ്പോൾ." സന്ദർഭം വ്യക്തമാക്കുക.

9. അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ എന്ന ഗാനത്തിന്റെ ശില്പികൾ (രചന, സംഗീതം, ആലാപനം) ആരെല്ലാം?

10. " പിന്നെ കടപ്പുറം നിറയെ കുഞ്ഞുവ്യാസന്മാരും." ആശയം വ്യക്തമാക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരംഎഴുതാം. 6മാർക്കവീതം. (പരമാവധിമാർക്ക്: 24)**

11. സത്യന്റെയും നൂറിന്റെയും പ്രണയത്തെ നിങ്ങൾക്ക് എങ്ങനെയാണവിശദീകരിക്കാൻ കഴിയുക?

12. "കേശവൻനായർ എന്നകർഷകൻ ചിലമൂല്യങ്ങളുടെ അടയാളം കൂടിയാണ്": സ്ഥാപിക്കുക.

13. പാഠഭാഗത്ത്നിന്നുഭ്യമായ വിവരങ്ങൾ ഉപയോഗിച്ചാഗ്ഭടാനന്ദന്റെ പ്രൊഫൈൽ (വ്യക്തിവിവരണം) തയ്യാറാക്കുക.

14. മൽസ്യഗന്ധി എന്ന നാടകം കച്ചവടവൽക്കരിക്കപ്പെടുന്ന മാനവികതയെആണ്തുറന്നു കാട്ടുന്നത് എന്ന അഭിപ്രായത്തോട്ടയുക്തികം പ്രതികരിക്കുക.

15. മലയാള ചലച്ചിത്രഗാനങ്ങളിൽ കാലാന്തരത്തിൽ വന്ന മാറ്റങ്ങൾ വിഷയമാക്കി ഒരു ഫീച്ചർ തയ്യാറാക്കുക

**ഒരുചോദ്യത്തിന രണ്ട്പുറത്തിൽകവിയാതെഉത്തരമെഴുതുക.(10മാർക്ക്)**

16. 'അന്നയും റസൂലും' എന്ന സിനിമ കൊച്ചിയുടെ പ്രകൃതിയും പ്രാദേശിക ജീവിതവും എങ്ങനെയാണ്സിനിമയുടെ ഭാഗമാക്കിയത് എന്ന്പരിശോധിക്കുക.

17. "ഇത്തറവാടിത്തഘോഷണത്തെപ്പോലെ വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ" എന്ന ഇടശ്ശേരിയുടെ വരികൾ'ന്റുപ്പുപ്പാക്കൊരാനെണ്ടാർന്നു' എന്ന നോവലിലെ കുഞ്ഞുതാച്ചുമ്മയുടെ ജീവിതത്തെ വിശേഷിപ്പിക്കാൻ പറ്റുന്നതാണോ എന്ന്പരിശോധിക്കുക.